LIBRARY ARCHIVES Kerala Legislative Assembly

മലയാറ്റൂർ–ചൊവ്വര റോഡുപണി.

96. [32] ശ്രീ. കെ. പി. ഹോർമിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ–ചൊവ്വര റോഡ് അങ്കമാലി–ദേശംറോഡുമായി യോജിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ ഗവണ്മെന്റിൽ നിന്നും സ്വീകരിച്ചിട്ടുണ്ടോ;

(ബി) മേൽപ്രകാരം യോജിപ്പിച്ചെങ്കിൽ മാത്രമേ പെരിയാർ നദിയിൽ മംഗലപ്പുഴഭാഗത്തു് പണിയുവാൻ പോകുന്ന പാലംകൊണ്ടു് ശ്രീമൂലനഗരം, കാഞ്ഞൂർ, കാലടി, മലയാറ്റൂർ മുതലായ പഞ്ചായത്തുകളിലെ ആളുകൾക്ക് പ്രയോജനം ലഭിക്കുകയുള്ളുവെന്നു് ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ടു്.
(ബി) ഉണ്ടു്.

ഇടുക്കി പദ്ധതി.

97. [33] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി പദ്ധതി വിജയപ്രദമല്ലെന്നു് വിദഗ്ദ്ധന്മാർ അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയെ സംബന്ധിച്ചു് അവസാനമായി എന്തെങ്കിലും തീരുമാനം ഗവണ്മെന്റു് എടുത്തിട്ടുണ്ടോ?

ഉത്തരം.

(എ) ഇല്ല.
(ബി) ഈ പദ്ധതിയെ സംബന്ധിച്ചുള്ള അന്വേഷണം നടത്തുന്നതിനു വേണ്ടനടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്.

പോലീസ് ഔട്ട്പോസ്റ്റ്.

98. [35] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്തനംതിട്ട താലൂക്കിൽ നാരങ്ങാനം എന്ന സ്ഥലത്തു് ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുമോ?

ഉത്തരം.

സ്ഥാപിക്കേണ്ട ആവശ്യമുണ്ടെന്നു കരുതുന്നില്ല.

പുറംപോക്കു് അനധികൃതമായി കയ്യേറ്റം.

99. [37] ശ്രീ. കെ. എ. ബാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ദേവികുളംതാലൂക്കിൽ ഉടുമ്പുംചോല, പൂപ്പാറ, പള്ളിവാസൽ, ഈ പ്രകൃതികളിലുള്ള തരിശ്ശും പുറമ്പോക്കുമായ ഗവണ്മെന്റ